(സി) വനാതിർത്തി നിർണ്ണയിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വനാതിർത്തികൾ വ്യക്തമായി രേഖപ്പെടുത്താത്തതു കാരണം നടക്കുന്ന വ്യാപകമായുള്ള വനം കയ്യേറ്റവും മരം മുറിച്ചു കടത്തലും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് തടയുന്നതിനായി ഒരു സമയപരിധി നിശ്ചയിച്ച് വന സർവ്വേ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) സംസ്ഥാനത്തിന്റെ വനാതിർത്തി പൂർണ്ണമായി സർവ്വേ ചെയ്ത് ജണ്ട കെട്ടി നിർണ്ണയിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ആകെയുള്ള ഉദ്ദേശം 11760 കി. മീ. വനാതിർത്തിയിൽ 9360 കിലോമീറ്റർ ദൂരം ജണ്ടകളും കയ്യാലകളും നിർമ്മിച്ച് അതിർത്തി നിർണ്ണയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വനം സർവ്വെ പ്രവർത്തനങ്ങൾ 1974-ൽ ആണ് ആരംഭിച്ചത്. പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) വനാതിർത്തി വ്യക്തമല്ലാത്ത പ്രദേശങ്ങളിൽ വനം, സർവ്വെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി അതിർത്തി പുനർ നിർണ്ണയിച്ച് ജണ്ടകളോ കയ്യാലയോ കെട്ടുകയാണ് ചെയ്യുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വനം സർവ്വെ മൂന്നു വർഷത്തിനകം പൂർത്തിയാക്കത്തക്കവിധം പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

കെ. എസ്. എഫ്. ഡി. സി.-യുടെ പ്രവർത്തനം

*18 [T 286] *ശ്രീ. മഞ്ഞളാംകുഴി അലി:*

,, *എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഡി. സി.-യുടെ നടത്തിപ്പിലോ വികസന പദ്ധതികളിലോ സഹകാര്യമേഖലയെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് സഹകാര്യ പങ്കാളിത്തത്തിന് ശ്രമം നടത്തുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം പുതിയ വികസന പദ്ധതികളാണ് കെ. എസ്. എഫ്. ഡി. സി. തയ്യാറാക്കിയിരിക്കുന്നത്; ഈ പദ്ധതികളിൽ സ്വകാര്യ പങ്കാളിത്തം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കെ. എസ്. എഫ്. ഡി. സി.-ക്ക് ഇപ്പോൾ എത്ര തിയേറ്ററുകൾ ഉണ്ട്; ഇവയുടെ പ്രവർത്തനം ലാഭത്തിലാണോ; തിയേറ്ററുകളുടെ കഴിഞ്ഞ വർഷത്തെ ലാഭം/നഷ്ടം എത്ര;

(ഇ) ഏതെങ്കിലും തിയേറ്ററുകൾ കൈമാറ്റം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*:

(എ) ഉണ്ട്.

(ബി) സിനിമാ ചിത്രീകരണത്തിനും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള തീം പാർക്കിന്റെ നിർമ്മാണത്തിനും നടത്തിപ്പിനും സ്വകാര്യ പങ്കാളിത്തം ലക്ഷ്യമിട്ടിരിക്കുന്നു.

(സി) ചിത്രാഞ്ജലി സ്റ്റുഡിയോയുടെ പൊതുവായ നവീകരണമാണ് കെ. എസ്. എഫ്. ഡി. സി. പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ സ്വകാര്യ പങ്കാളിത്തം നൽകുന്ന കാര്യം പരിഗണനയിലില്ല.

(ഡി) കെ. എസ്. എഫ്. ഡി. സി.-ക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി മൊത്തം പത്ത് തിയേറ്ററുകൾ ഉണ്ട്. കോഴിക്കോട്, തൃശ്ശൂർ എന്നീ നഗരങ്ങളിൽ പ്രവർത്തിക്കുന്ന കൈരളി-ശ്രീ തീയേറ്ററുകൾ പൊതുവെ ലാഭത്തിലാണ്. കഴിഞ്ഞ വർഷത്തെ ലാഭം/നഷ്ടം താഴെ കൊടുത്തിരിക്കുന്നു.

കൈരളി—ശ്രീ, തിരുവനന്തപുരം പ്രവർത്തന ലാഭം— 3,54,723.20
കൈരളി—ശ്രീ, തൃശ്ശൂർ, പ്രവർത്തന ലാഭം— 4766538.62
കൈരളി—ശ്രീ, കോഴിക്കോട്, പ്രവർത്തന ലാഭം— 63,83,650.65
ചിത്രാഞ്ജലി, ചേർത്തല, പ്രവർത്തന ലാഭം— 7,77,232.01
കലാഭവൻ, തിരുവനന്തപുരം, നഷ്ടം— 8,89,490.81
ചിത്രാഞ്ജലി, വടക്കൻ പരവൂർ, നഷ്ടം— 56,989.03
ചിത്രാഞ്ജലി, ചിറ്റൂർ, നഷ്ടം— 17,445.58

(ഇ) വടക്കൻ പറവൂർ, ചിറ്റൂർ എന്നിവിടങ്ങളിലുള്ള തീയേറ്ററുകൾ കൈമാറ്റം ചെയ്യാൻ തീരുമാനിച്ചിരുന്നു.

കെട്ടിട നിർമ്മാണ വസ്തുക്കളുടെ നികുതി വർദ്ധനവ്

*19[287] *ശ്രീ. കെ. മോഹൻ കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇഷ്ടിക, മണൽ, പാറ, കരിങ്കല്ല് തുടങ്ങിയ നിർമ്മാണ വസ്തുക്കൾക്ക് നിലവിലുള്ള നികുതി എത്ര ശതമാനമാണെന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly